പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 9 — 28/06/2016 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ.അടൂർ പ്രകാശ്

" റോജി.എം.ജോൺ

" വി.ഡി.സതീശൻ

" എ.പി.അനിൽകുമാർ

മറുപടി

ശ്രീ.പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ?<br>ബി) എത്ര ഘട്ടങ്ങളിലായാണ് ഇവ നടത്തിയത്; ഓരോ ഘട്ടത്തിലും ഉള്ള വ്യത്യസ്ഥതകൾ എന്തെല്ലാമായിരുന്നു; | എ & ബി) ഉണ്ട്. 2011, 2013, 2015 വർഷങ്ങളിലായി ഓരോ ജില്ലയിലും മൂന്ന് തവണ വീതം ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്. 2011 ൽ നടന്ന പരിപാടിയിൽ പൊതുജനങ്ങളിൽ നിന്നും നേരിട്ടാണ് അപേക്ഷകൾ സ്വീകരിച്ചത്. 2013, 2015 വർഷങ്ങളിൽ നടന്ന പരിപാടികളിൽ ഓൺ ലൈനായും നേരിട്ടും അപേക്ഷകൾ സ്വീകരിച്ചു. |
| സി) ഈ പരിപാടി നടത്തിയതിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളിൽ എന്തെല്ലാം ഇളവുകളും പരിഷ്കാരങ്ങളും വരുത്തുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം; | സി) 45 സർക്കാർ ഉത്തരവുകൾ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ഡി) ഈ പ്രശ്നപരിഹാര പരിപാടിക്ക് അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) UN Public Service Award 2013 ൽ ലഭിച്ചിട്ടുണ്ട്. |
| ഇ) ഈ പരിപാടിയിൽ എത്ര പരാതികളിൽ പരിഹാരം കാണുകയും എത്രകോടി രൂപയുടെ സഹായം വിതരണം ചെയ്യുകയും ചെയ്തു? | ഇ) ഒന്നും, രണ്ടും, മൂന്നും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ 11,45,449 അപേക്ഷകൾ തീർപ്പുകൽപ്പിക്കുകയും മൂന്നുഘട്ടങ്ങളിലുമായി ആകെ 242,87,23,832/- രൂപയുടെ (ഇരുന്നൂറ്റി നാല്പത്തി രണ്ടുകോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ട് രൂപ) ധനസഹായവും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

Kunhikrishnan

സെക്ഷൻ ഓഫീസർ